**Athmaraksha.org**

വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം-March

March 26



വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം: ഇരുപത്തി ആറാം തീയതി

'യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹ നിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി ' (മത്തായി 1:18).

മാർ യൗസേപ്പുപിതാവിന് മരണാനന്തരം ലഭിച്ച മഹത്വം

ഒരു വ്യക്തിക്ക് മരണാനന്തരം സ്വർഗ്ഗത്തിൽ ലഭിക്കുന്ന മഹത്വം ആ വ്യക്തി ജീവിച്ചിരുന്നപ്പോൾ എത്രമാത്രം ലോകത്തിന് ധാർമ്മികമായ സ്വാധീനം ചെലുത്തി, തനിക്കും മറ്റുള്ളവർക്കും വേണ്ടി എത്രമാത്രം വരപ്രസാദം സമ്പാദിച്ചു എന്നതിനെ ആശ്രയിച്ചിരിക്കും. വേദപാരംഗതനായ വി. തോമസ് അക്വിനാസിന്റെയും മറ്റുള്ളവരുടെയും അഭിപ്രായത്തിൽ ഈശോമിശിഹായും ദൈവമാതാവും കഴിഞ്ഞാൽ സ്വർഗ്ഗത്തിൽ ഏറ്റവും ഉന്നതമായ മഹത്വത്തിന് മാർ യൗസേപ്പിതാവ് അർഹനാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഈശോമിശിഹാ കുരിശിൽ തൂങ്ങി മരിച്ച ഉടനെ സൂര്യൻ മറഞ്ഞു. ഭൂമി മുഴുവൻ അന്ധകാരാവൃതമായി. ശവകുടീരങ്ങൾ തുറക്കപ്പെട്ടു. അനേകം മരിച്ചവർ ഉയിർത്തെഴുന്നേറ്റ് പലർക്കും കാണപ്പെട്ടു എന്നു സുവിശേഷകൻ രേഖപ്പെടുത്തുന്നു. ഇപ്രകാരം ഉയിർത്തെഴുന്നേറ്റവരുടെ ഗണത്തിൽ മാർ യൗസേപ്പുപിതാവും ഉൾപ്പെട്ടിരുന്നു എന്നാണ് പൊതുവായ അഭിപ്രായം. മാർ യൗസേപ്പിന്റെ മൃതശരീരം സംസ്ക്കരിച്ച സ്ഥലം ഇന്നും നമ്മുക്ക് അജ്ഞാതമാണ്. പക്ഷെ, ആ മൃതശരീരം സംസ്ക്കരിക്കപ്പെട്ട സ്ഥലത്ത് മാർ യൗസേപ്പിന്റെ ഭൗതികാവശിഷ്ടങ്ങൾ ഉണ്ടായിരുന്നെങ്കിൽ ആദിമ ക്രിസ്ത്യാനികൾ ആ സ്ഥലം എന്നും പരിപാവനമായി സൂക്ഷിക്കുമായിരുന്നു. വി. പത്രോസിന്റെയും മറ്റുപല അപ്പസ്തോലൻമാരുടെയും ശവകുടീരങ്ങൾ പൂജ്യമായി കരുതിയിരുന്ന ക്രിസ്ത്യാനികൾ വി. യൗസേപ്പിന്റെ ശവകുടീരം യതൊരു ബഹുമാനവും കൂടാതെ അവഗണിച്ചു എന്നു കരുതുക യുക്തിപരമല്ല.

മാർ യൗസേപ്പിതാവിന്റെ മൃതശരീരം ഭൂമിയിൽ എവിടെയെങ്കിലും അന്ത്യവിശ്രമം കൊള്ളുന്നുണ്ടെങ്കിൽ തീർച്ചയായും ആ സ്ഥലം ദൈവം തന്നെ പ്രസിദ്ധമാക്കുമായിരുന്നു. ചില

വിശുദ്ധരുടെ ഭൗതികാവശിഷ്ടങ്ങളുള്ള സ്ഥലത്തെ ദൈവം എത്രമാത്രം മഹത്വപ്പെടുത്തുന്നു. അത് കൊണ്ട് തന്നെ മാർ യൗസേപ്പ് പിതാവ്, മിശിഹാ മരണമടഞ്ഞ അവസരത്തിൽ പുനരുദ്ധാനം ചെയ്തവരുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്നുവെന്ന് സയുക്തികം അനുമാനിക്കാം. മാർ യൗസേപ്പ് പിതാവ്, നമ്മുടെ ദിവ്യരക്ഷകനായ ഈശോ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ അവിടുത്തോടുകൂടി സ്വർഗ്ഗത്തിലേക്ക് ആരോപിതനായി എന്നു കരുതേണ്ടിയിരിക്കുന്നു. സ്വർഗ്ഗീയ സൗഭാഗ്യത്തിൽ നമ്മുടെ വത്സലപിതാവ് വർണ്ണനാതീതമായ മഹത്വത്തിനർഹനാണ്. ഈശോമിശിഹായും പ. കന്യകാമറിയവും കഴിഞ്ഞാൽ സകല സ്വർഗ്ഗവാസികളുടെയും സ്നേഹാദരങ്ങൾക്കും സ്തുതികൾക്കും അദ്ദേഹം പാത്രീഭൂതനായി.

മാർ യൗസേപ്പിതാവിനെ അനുകരിച്ച് അദ്ദേഹത്തെപ്പോലെ വിശ്വസ്തതയോടുകൂടി ദൈവസേവനവും മാനവകുല സ്നേഹവും നിർവഹിക്കുന്നവർക്ക് അതിനനുയോജ്യമായ മഹത്വം സ്വർഗ്ഗത്തിൽ ലഭിക്കുന്നതാണ്. ജീവിതാന്തസ്സിന്റെ ചുമതലകൾ യഥാവിധി നാം നിർവഹിക്കണം. നമ്മിൽ ഓരോരുത്തർക്കും ദൈവം നിശ്ചയിച്ചിരിക്കുന്ന ഒരു ദൗത്യം നിർവഹിക്കാനുണ്ട്. അത് നാം എത്ര വൈഭവത്തോടു കൂടി തന്മയത്വപൂർവ്വം നിർവഹിച്ചുവോ അതാണ് ഒരു വ്യക്തിയുടെ മഹത്വത്തിന് നിദാനം. പിതാവായ ദൈവം മാർ യൗസേപ്പിനെ ഭാരമേൽപ്പിച്ച ചുമതലയും ദൗത്യവും ഏറ്റവും പൂർണ്ണതയിൽ നിർവഹിച്ചു.

## സംഭവം

സ്പെയിനിൽ വലിയ സമ്പന്നനായ ഒരു പ്രഭു, തിരുസഭയുടെ പ്രബോധനങ്ങളെയും ദൈവപ്രമാണങ്ങളെയും അവഗണിച്ചു കൊണ്ട് സുഖലോലുപ ജീവിതം നയിച്ചിരുന്നു. അയാളുടെ നടപടികളെ ഇഷ്ടപ്പെട്ടില്ല എന്നതിന്റെ പേരിൽ സ്വപുത്രനെ വീട്ടിൽ നിന്നും അടിച്ചിറക്കിവിട്ടു. ഭാര്യയും ഇടവക വികാരിയും നൽകിയ ഉപദേശങ്ങൾ തൃണവത്ക്കരിക്കുകയാണ് അദ്ദേഹം ചെയ്തത്. വളരെ വർഷങ്ങൾക്കുശേഷം ഒരു ദിവസം ഒരു സ്ത്രീ, മാർ യൗസേപ്പുപിതാവിന്റെ ഒരു മനോഹര ചിത്രം വിൽപ്പനയ്ക്കായി കൊണ്ടുവന്നു. അത് അവ!ളുടെ ഭർത്താവ് വരച്ചതാണ്. ഭർത്താവ് നിരാലംബനും രോഗബാധിതനും ആയിക്കഴിയുകയാണെന്നും ഉപജീവനത്തിന് മറ്റൊരു മാർഗ്ഗവുമില്ലാത്തതിനാൽ എന്തെങ്കിലും സഹായം ചെയ്യണമെന്നും ആ സ്ത്രീ അപേക്ഷിച്ചു. രൂപം വളരെ മനോഹരമായതിനാൽ അതു വാങ്ങിച്ചിട്ട് ആ പ്രഭു ആവശ്യപ്പെട്ട വില കൊടുത്തു. തിരുസ്വരൂപം യൗസേപ്പിന്റെ മരണരംഗതിന്റേതായിരിന്നു. അയാൾക്ക് ചിത്രം കണ്ടപ്പോൾ മരണത്തെക്കുറിച്ചുള്ള ചിന്തയുണ്ടായി. കഴിഞ്ഞ കാലത്തെയും സ്വന്തം തെറ്റുകളെയും പറ്റി ചിന്തിച്ചു. ചിത്രം വരച്ചത് അദ്ദേഹം സ്വന്തം വീട്ടിൽ നിന്നും ആട്ടിപ്പായിച്ച സ്വപുത്രനാണെന്ന് പിന്നീട് അറിഞ്ഞപ്പോൾ പ്രഭു പശ്ചാത്താപഭരിതനായി പുത്രനെ വിളിക്കുവാൻ ആവശ്യപ്പെട്ടു. അതിനുശേഷം അയാൾ പാപസങ്കീർത്തനം നടത്തി ഉത്തമ ക്രിസ്ത്യാനിയായി ജീവിതം നയിച്ചു.

## ജപം

സ്വർഗ്ഗരാജ്യത്തിൽ അതുല്യമായ മഹത്വത്തിനും അവർണ്ണനീയമായ സൗഭാഗ്യത്തിനും അർഹനായിത്തീർന്ന ഞങ്ങളുടെ പിതാവായ മാർ യൗസേപ്പേ, അങ്ങേ വത്സല മക്കളായ ഞങ്ങൾക്കും ഈശോമിശിഹായോടും പരി. കന്യകാമറിയത്തോടും അങ്ങയോടും യോജിച്ചു കൊണ്ട് സ്വർഗ്ഗീയ മഹത്വത്തിൽ ഭാഗഭാക്കുകളാകുവാനുള്ള അനുഗ്രഹം പ്രാപിച്ചു നൽകേണമേ. ദൈവം ഞങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യവും ചുമതലകളും വിശ്വസ്തതാപൂർവ്വം നിർവഹിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. ഞങ്ങളുടെ ബലഹീനതകളും പ്രലോഭനങ്ങളും നിമിത്തം ഭൂതകാലത്തിൽ ഞങ്ങളിൽ ഉണ്ടായിട്ടുള്ള പോരായ്മകൾ പരിഹരിച്ചു ഭാവിയിൽ തീക്ഷ്ണതയോടെ ജീവിക്കുന്നതാണ്. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

വി. യൗസേപ്പപിതാവിന്റെ ലുത്തിനിയ
കർത്താവേ, അനുഗ്രഹിക്കണമേ
(കർത്താവേ...)
മിശിഹായെ, അനുഗ്രഹിക്കണമേ.
(മിശിഹായെ...)
കർത്താവേ, അനുഗ്രഹിക്കണമേ.
(കർത്താവേ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
(മിശിഹായെ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
(മിശിഹായെ...)
ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഏറ്റു ചൊല്ലുക
സ്വർഗ്ഗസ്ഥനായ പിതാവേ,
ലോകരക്ഷകനായ ക്രിസ്തുവേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പ. ത്രിത്വമേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന് ഏറ്റു ചൊല്ലുക
പരിശുദ്ധ മറിയമേ,
വിശുദ്ധ യൗസേപ്പേ,
ദാവീദിന്റെ വിശിഷ്ട സന്താനമേ,
ഗോത്രപിതാക്കളുടെ പ്രകാശമേ,
ദൈവജനനിയുടെ ഭർത്താവേ,
പരിശുദ്ധ കന്യകയുടെ നിർമ്മലനായ കാവൽക്കാരാ,
ദൈവകുമാരന്റെ വളർത്തുപിതാവേ,
മിശിഹായുടെ ജാഗ്രതയുള്ള സംരക്ഷകാ,
തിരുക്കുടുംബത്തിന്റെ നാഥനേ,
എത്രയും നീതിമാനായ വി. യൗസേപ്പേ,
മഹാ വിരക്തനായ വി.യൗസേപ്പേ,
മഹാ വിവേകിയായ വി. യൗസേപ്പേ,
മഹാ ധീരനായ വി. യൗസേപ്പേ,
അത്യന്തം അനുസരണയുള്ള വി. യൗസേപ്പേ,
മഹാ വിശ്വസ്തനായ വി. യൗസേപ്പേ,
ക്ഷമയുടെ ദർപ്പണമേ,
ദാരിദ്ര്യത്തിന്റെ സ്നേഹിതാ,
തൊഴിലാളികളുടെ മാതൃകയേ,
കുടുംബജീവിതത്തിന്റെ അലങ്കാരമേ,
കന്യകകളുടെ സംരക്ഷകാ,
കുടുംബങ്ങളുടെ ആധാരമേ,
നിർഭാഗ്യരുടെ ആശ്വാസമേ,
രോഗികളുടെ ആശ്രയമേ,
മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥാ,
പിശാചുക്കളുടെ പരിഭ്രമമേ,
തിരുസ്സഭയുടെ പാലകാ,
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
.
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

(നായകൻ) ദൈവം അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ അധികാരിയായി നിയമിച്ചു.
(സമൂഹം) തന്റെ സകല സമ്പത്തുകളുടെയും നായകനുമാക്കി.

### പ്രാർത്ഥിക്കാം

അത്യന്തം നിർമ്മലമായ പരിശുദ്ധ കന്യകയ്ക്കു ഭർത്താവായി നീതിമാനും വിവേകിയും വിശുദ്ധനുമായ യൗസേപ്പിനെ തെരഞ്ഞെടുത്ത ദൈവമേ, ജീവിതത്തിന്റെ പ്രയാസങ്ങളിലും വേദനകളിലും മുഴുകിയിരിക്കുന്ന ഞങ്ങൾക്ക് ആശ്വാസവും ആശ്രയവും നൽകുന്ന പിതാവായി അദ്ദേഹത്തെ നിശ്ചയിച്ചതിൽ ഞങ്ങൾ നന്ദി പറയുന്നു. ഈ പിതാവിന്റെ മാദ്ധ്യസ്ഥം വഴി എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്ക് നൽകണമെയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

### സുകൃതജപം

സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പേ, ഞങ്ങളെ സ്വർഗ്ഗീയ സൗഭാഗ്യത്തിനർഹമാക്കേണമേ.

+++